KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

Code No. 106



KERALA SCHOOL KALOLSAVAM 2017
PROGRAMME COMMITTEE


വിഷയം : പലതരം സെൽഫികൾ

ഒരു നിശ്ചലദൃശ്യമാണ് സെൽഫി. ഒരു നിമിഷത്തിന്റെ, വെറും ഒരു നിമിഷത്തിന്റെ മാത്രം രേഖപ്പെടുത്തലുകൾ. കണ്ണുതുറന്നിരിക്കിലും അവർ പലതും കാണുന്നില്ല, കാതുണ്ടെങ്കിലും അവരൊന്നും കേൾക്കുന്നില്ല. ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് അവ ചേക്കേറിക്കൊണ്ടേ ഇരിക്കുന്നു, മനുഷ്യരൂപം ധരിച്ച ദേശാടനക്കിളികളെപ്പോലെ...

## ദേശാടനക്കിളികൾ

ദേശാടനക്കിളികൾ പറക്കുകയാണ്,
ഒരു ദേശത്തുനിന്നും നവദേശം തേടി
കൂടുകൂട്ടാനവയ്ക്കറിയില്ല, കൂട്ടായിണങ്ങാനും
ഒരു രാവിനെത്തുരച്ചുകയറി പുതിയ പകലിലേക്കും
ആ പകലിനെ ചവച്ചുതുപ്പി അടുത്ത രാവിലേക്കും.
കൂട്ടായവ പറന്നെത്തുന്നവെങ്കിലും,
പിറകെയുതിലൊരുവന്റെ വേദന
എന്തോ അവർക്കന്യമാണ്.

പാതിമുറിഞ്ഞ മുത്തശ്ശിക്കഥകളിലെ
യക്ഷഗന്ധർവ്വന്മാരെപ്പോൽ, ഒരുനാൾ
അവ മനുഷ്യജന്മം പൂകും.
അവയുടെ കാലുകൾ നീണ്ടുനീണ്ടുപോകാം
മണ്ണിനെതുരച്ച് പുതിയ വേരുകൾ തേടാൻ
അന്നവയുടെ നീണ്ടചുണ്ടുകൾ പരന്നിരിക്കാം.
ഇനിയവർക്ക് തേൻകനിക്കാവശ്യമില്ല, ചെറുപുഴുക്കളും
വലിയ ഇരകളതാ അവർക്കായ് കാത്തിരിക്കുന്നു.


Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

പരിണാമശാസ്ത്രം പിഴയ്ക്കുന്ന,
ആ നിമിഷത്തിൽ
അവയുടെ നീണ്ട ചിറകുകൾ
അതിലും നീണ്ട കരങ്ങൾക്കു വഴിമാറാം.

തൂവലുകൾക്കു പകരം അവരുടെ കരങ്ങളിൽ

അവർക്കറിയാത്ത, അല്ല അറിയാതിരുന്ന ഭാഷയിൽ
ക്രൂശീകരിച്ച എന്തോ ഒന്ന് കിടന്നുപിടയ്ക്കുന്നുണ്ടാകാം.

അവർക്കായൊരു കൂടും കൂട്ടിനിണയുമതിലുണ്ടെന്ന
ഞെട്ടലോടെ അവരതു തിരിച്ചറിയാം!

ക്ലാവുപിടിയ്ക്കും തൻ ഓർമകൾക്കു
ഇണയായവരതിലെന്തോ രേഖപ്പെടുത്താം

എന്തും, എന്തിനേയും പങ്കുവയ്ക്കാൻ മാത്രം
പഠിപ്പിക്കുമാ തത്വശാസ്ത്രങ്ങളുമവ മനപാഠമാക്കാം

മനുഷ്യമൃഗം കവർന്നെടുത്തൊരാ
പെണ്ണിന്റെ നഷ്ടവും
മൃതിയടഞ്ഞ തൻ മാതാവിന്റെ
മുലയിൽ തൂങ്ങിക്കിടന്നൊരിറ്റ്
വാത്സല്യത്തിനായ് കേഴുന്ന പൈതലും
ആത്മാവുരുകുന്നൊരുവന്റെ
അവസാന സ്പന്ദനവും
കഴുകൻ കൊത്തിവലിക്കുന്ന ബാല്യവും
മഴയില്ലാ മാനവും
മണമില്ലാ പുഷ്പവും
കനവില്ലാ കാലവും
ഒന്നുവിടാതെ ശേഖരിച്ചവരതിൽ പങ്കുവെയ്ക്കാം
ശാസ്ത്രം, ഭൂമിയുമാകാശവും
താരഗണങ്ങളെത്തന്നെയും കീഴ്പ്പെടുത്തി
കൊടിനാട്ടുന്ന കാലത്ത്

Scanned by CamScanner

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ചുവന്നസൂര്യനാൽ മാത്രം മറയ്ക്കപ്പെട്ട
ജീവിതങ്ങളതിൽ പോറലുകളുണ്ടാക്കാം.
നിറഞ്ഞകണ്ണും വറ്റിയ കനവുമതിനു മാറ്റുകൂട്ടാം

പൂർണ്ണചന്ദ്രന സ്ഥാനമില്ലാത്ത കാലത്ത്
കാവും പുഴയും ഗ്രന്ഥശാലകളിലൊതുങ്ങുന്നൊരാ കാലത്ത്
അക്ഷരങ്ങളയിത്തമായ് തീരുന്ന കാലത്ത്
തകർന്നുപോയ കണ്ണാലവരൊരു 'ലൈക്ക്' രേഖപ്പെടുത്താം.
ചിറകുകളറ്റ അവ അന്നും,
അന്നുമവ പുതിയ ദേശങ്ങൾ തേടാം

Scanned by CamScanner